നം.കെ.എസ്.എ-കെ.ടി.എം.പി7/1842/2016 തീയതി: 08.12.2016

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ **മീനച്ചിൽ** ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 31.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീമതി സിനി എം.വി., ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	19.11.2016 മുതൽ 26.11.2016 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീമതി മായ ആർ., ഓഡിറ്റ് ഓഫീസർ ശ്രീമതി ജിജി ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീ.മനേഷ് കുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീ.ഷാജിമോൻ പി.ബി., ഓഡിറ്റർ

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.പ്രസാദ് കൊണ്ടുപറമ്പിൽ	1.4.2015 മുതൽ 30.9.2015 വരെ
	ശ്രീമതി റെനി ബിജോയി	1.10.15 മുതൽ 31.3.2016 വരെ
സെക്രട്ടറി	ശ്രീ.ബാബു കെ.പി. ശ്രീ.കെ.എസ്.ശ്യാംകുമാർ ശ്രീ.ബാബു കെ.പി. ശ്രീ.പി.വി.തോമസ് കുട്ടി	1.4.2015 മുതൽ 27.4.2015 വരെ 28.4.15 മുതൽ 30.5.2015 വരെ 01.6.15 മുതൽ 28.6.2015 വരെ

		29.6.15 മുതൽ 31.3.2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.ബാബു കെ.പി.	1.4.15 മുതൽ 31.3.16 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീ. വി.എൻ.നടരാജസുന്ദരം ശ്രീമതി റജിമോൾ പി.പി.	1.4.2015 മുതൽ 3.1.16 വരെ 4.1.2016 മുതൽ 31.3.16 വരെ
കൃഷി ഓഫീസർ	ശ്രീ.അബ്രഹാം സെബാസ്റ്റ്യൻ	1.4.2015 മുതൽ 31.3.2016 വരെ
വെറ്ററിനറി സർജൻ	ശ്രീ.സുധീർ പി.എസ്.	1.4.2015 മുതൽ 31.3.2016 വരെ
വി.ഇ.ഒ.	ശ്രീ.കെ.വി.വിപിൻകുമാർ	1.4.2015 മുതൽ 31.3.2016 വരെ
	ശ്രീ.സന്തോഷ് ആന്റണി	1.4.2015 മുതൽ 31.3.2016 വരെ
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	ഡോ.റൂബിൻ ജോസഫ്	1.4.2015 മുതൽ 31.3.2016 വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ.ഹേമ കെ.കർത്ത	1.4.2015 മുതൽ 31.3.2016വരെ
മെഡിക്കൽ ഓഫീസർ (ആയുർവ്വേദ)	ഡോ.തുളസീഭായ് സി.ആർ.	1.4.2015 മുതൽ 31.3.2016 വരെ
ഹെഡ്മിസ്ട്രസ്	ശ്രീ.ജോർജ്ജ് തോമസ്	1.4.2015 മുതൽ 31.3.2016 വരെ
ഐ.സി.ഡി.എസ്.സൂപ്പർവൈസർ	ശ്രീമതി കൊച്ചുറാണി തോമസ്	1.4.2015 മുതൽ 31.3.2016 വരെ

ഉള്ളടക്കം

ഖണ്ഡിക നം.	വിഷയം
	ഭാഗം 1 പൊതു അവലോകനം
1-1	ബജറ്റ്
1-2	വാർഷിക ധനകാര്യ പത്രിക
1-3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം

1-5	ഫണ്ട് വിനിയോഗം
1-6	പദ്ധതി അവലോകനം
1-7	തനത് വരുമാനം
1-8	ക്ഷേമപദ്ധതികൾ
1-9	ക്യാഷ് വെരിഫിക്കേഷൻ
1-10	ആഭ്യന്തര നിയന്ത്രണം
1-11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
	ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
2-1	വാർഷിക കണക്കുകളുടെ അവലോകനം
2-2-1	വാണിജ്യാവശ്യത്തിനുള്ള കെട്ടിടം-പല ഭാഗങ്ങളായി നികുതി നിർണ്ണയിച്ചതിനാൽ നികുതി ഇനത്തിൽ നഷ്ടം
2-2-2	മൊബൈൽ ടവർ-വസ്തുനികുതി നിർണ്ണയിത്തിൽ അപാകത
2-3	തൊഴിൽനികുതി-പൂർണ്ണമായി ഈടാക്കുന്നില്ല-തനത് വരുമാനം കുറയുന്നു.
2-4	ഡി&ഒ ലൈസൻസ് അപാകതകൾ
2-5	ആഞ്ഞിലിത്തടിയുടെ ഉടമസ്ഥത സംബന്ധിച്ച്
2-6	പരസ്യനികുതി-ബൈലോ അംഗീകാരം ലഭിച്ചിട്ടില്ല
2-7	ഫിഷ് മാർക്കറ്റ്-പ്രവർത്തനക്ഷമമാക്കിയിട്ടില്ല
	ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
3-1	വാർഷിക പദ്ധതിയിലെ നിർബന്ധിതവകയിരുത്തൽ; സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം
3-2	വിവിധ ആവശ്യങ്ങൾക്കായി സർക്കാരിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകൾ-തനതുഫണ്ടിൽ സൂക്ഷിക്കുന്നു
3-3	തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്-ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് ചോർത്തുന്നു
3-4	കമ്പ്യൂട്ടറുകൾ-ആവശ്യാധിഷ്ഠിതമല്ലാതെ വാങ്ങൽ-സർക്കാർ ഉത്തരവുകളുടെ ലംഘനം
3-5	കടത്തുവള്ളങ്ങൾ ഫിറ്റനസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു
3-6	റോഡ് ടാറിങ്ങ്/റീടാറിങ്ങ് പ്രവൃത്തി-ബാരൽ വില ഈടാക്കിയിട്ടില്ല
3-7	ഗുണഭോക്തൃസമിതി മുഖേനയുള്ള ടാറിങ്ങ്-ബിറ്റുമിൻ ബിൽ പ്രകാരമുള്ള തുകയേക്കാൾ അധികം തുക നൽകി.
3-8	എ.ഇ., വി.ഇ.ഒ. ഓഫീസ് കെട്ടിടനിർമ്മാണം-എസ്റ്റിമേറ്റ് പൂർണ്ണമല്ല
3-9	പെൺകുട്ടികൾക്ക് യോഗാ പരിശീലനം-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ
3-10	അനുവദനീയമായതിലും അധികം ഗ്രോബാഗ് വിതരണം ചെയ്തു
3-11	ചെറുകിട നാമമാത്ര കർഷകൻ അല്ലാത്തയാൾക്ക് സബ്സിഡി നൽകി

3-12	ഇ.എം.എസ്. ഭവനനിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് അവസാനഗഡു തുക നൽകിയിട്ടില്ല
3-13	പാലിയേറ്റീവ് കെയർ പദ്ധതി-സർക്കാർ മാർഗ്ഗനിർദ്ദേശ ലംഘനം
3-14	രേഖകളുടെ അഭാവം -ചെലവ് തുക തടസ്സപ്പെടുത്തുന്നു
3-15	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
	ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
4-1	സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ
4-3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
4-4	വായ്പ/വായ്പ തിരിച്ചടവ്
4-5	സ്ഥിരനിക്ഷേപങ്ങൾ
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം
4-8	ഓഡിറ്റ് പ്രത്യവലോകനം
4-9	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ
അനുബന്ധം 1	ഓഡിറ്റ് സാക്ഷ്യപത്രം 2015-16
അനുബന്ധം 2	ബാലൻസ് ഷീറ്റ് 2015-16
അനുബന്ധം 3	ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16
അനുബന്ധം 4	റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 30.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം	
			കൂടുതൽ	കുറവ്
മുന്നിരിപ്പ്	22,31,533	1,35,89,721	1,13,58,188	
വരവ്	9,96,32,216	4,91,13,876		5,05,18,340
ആകെ	10,18,63,749	6,27,03,597		3,91,60,152
ചെലവ്	9,88,88,225	5,51,92,999		4,36,95,226
നീക്കിയിരിപ്പ്	29,75,524	75,10,598	45,35,074	

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട അവസാന തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2016	20.07.2016	ഇല്ല	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.		

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,35,89,721
വരവ്	4,91,13,876
ആകെ	6,27,03,597
ചെലവ്	5,51,92,999
നീക്കിയിരിപ്പ്	75,10,598

1-5 ഫണ്ട് വിനിയോഗം

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി	വരവ് തുക	ട്രാൻസ്ഫർ ക്രഡിറ്റ്	ആകെ തുക	ചെലവ് തുക	നീക്കിബാക്കി (RP 40 b പ്രകാരം)
വികസന ഫണ്ട് (ജനറൽ)	8,70,997	16,38,277	(+) 54,80,765	79,90,039	79,90,039	0
വികസന ഫണ്ട് (എസ്.സി.പി)	11,58,500	3,75,000	(-) 11,58,500	3,75,000	3,75,000	0
വികസനഫണ്ട് (ടി.എസ്.പി)	93,202	7,202	(-)93,202	7,202	7,202	0
സംരക്ഷണ ഗ്രാന്റ് (റോഡ്)	97,008	66,86,208	0	67,83,216	67,83,216	0
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	20,260	17,55,843	0	17,76,103	17,76,103	0
ധനകാര്യ കമ്മീഷൻ അവാർഡ്	14,74,154 *	50,21,912	(-)23,27,559	41,68,507	41,68,507	0
ലോക ബാങ്ക് സഹായം	23,04,329	18,99,686	(-)19,01,504	23,02,511	23,02,511	0

* 28.3.15 ന് ലഭിച്ച അലോട്ട്മെന്റ് തുക 4,61,000/-രൂപ പിന്നീട് പിൻവലിച്ചിരുന്നു. ട്രഷറി 31.3.15 ന്റെ ACBC കറക്ട് ചെയ്ത് നൽകിയിട്ടുണ്ട്. മുൻവർഷ റിപ്പോർട്ടിലെ നീക്കിയിരുപ്പുമായി 4,61,000/-രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട്.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
134	3,99,30,104	116	24082629	0	19	86.56

<u>പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ</u>

ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി രൂപീകരണം, മോണിട്ടറിംഗ് എന്നിവയിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല.
2. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.(ഉദ: പശ്ചാത്തല മേഖലയിലെ റോഡ് നിർമ്മാണ പ്രോജക്ടുകൾ).
3. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ചു തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.
4. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
5. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
6. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
7. അങ്കണവാടികളിൽനിന്നു് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
8. ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.
9. തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനും, ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിനും നാളിതുവരെ കഴിഞ്ഞിട്ടില്ല.
10. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വൃദ്ധർക്ക് തുക വകയിരുത്തിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ആത്മാർത്ഥയും പഞ്ചായത്ത് കൈക്കൊള്ളണ്ടതാണ്.

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.8 ശതമാനം വർദ്ധനവ് ഉണ്ടായി.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	26,10,966	30,77,406	4,66,440	
നികുതിയേതര വരവുകൾ	8,50,032	7,55,001	95,031	
മറ്റുവരവുകൾ	48,87,829	51,74,017	2,86,188	
ആകെ	83,48,827	90,06,424	6,57,597	(+)7.8%

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	1,00,320	62
കർഷകതൊഴിലാളി പെൻഷൻ	13,93,950	161
വിധവാപെൻഷൻ	40,92,880	401
വാർദ്ധക്യകാലപെൻഷൻ	52,96,110	650
വികലാംഗപെൻഷൻ	15,17,290	140
അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	3,45,440	34

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.16ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 74025/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മികച്ച രീതിയിൽ പ്രവർത്തിയ്ക്കുന്നു. സ്റ്റാന്റിംഗ് കമ്മറ്റികളും ജനറൽ കമ്മറ്റിയും യഥാസമയം യോഗം ചേർന്ന് പഞ്ചായത്തിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും അനുയോജ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർവ്വഹണോദ്യോഗസ്ഥരുടെ യോഗവും ചേരുന്നുണ്ട്. വസ്തുനികുതി വളരെയധികം തുക കുടിശ്ശിക പിരിച്ചെടുക്കുവാനവശേഷിക്കുന്നു. ഡി&ഒ ട്രേഡ് ലൈസൻസ് മുഴുവൻ സ്ഥാപനങ്ങൾക്കും നൽകിയിട്ടില്ലായെന്ന് വ്യക്തമായി. പഞ്ചായത്തിന്റെ തനത് വരുമാനം പിരിച്ചെടുക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	27.9.16	08/16	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	11.6.13	1997-98 to 2002-03	1.9.2003

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വാർഷികകണക്കുകളുടെ അവലോകനം

ഓഡിറ്റ് വേളയിൽ ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എംസ്) 152/11/ എൽ. എസ്. ജി. ഡി. യിലെ നിർദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. വസ്തുനികുതി പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ബി- 15 ഷെഡ്യൂളിലെ വസ്തുനികുതി - തൻവർഷ, കുടിശ്ശിക കണക്കുകൾ കൃത്യമല്ല.
3. വസ്തുനികുതി, ഡി&ഒ ലൈസൻസ് എന്നിവയുടെ ഡിസിബി തയ്യാറാക്കിയിരുന്നില്ല.

2-2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം-പല ഭാഗങ്ങളായി നികുതി നിർണയിച്ചതിനാൽ നികുതി ഇനത്തിൽ നഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ ചട്ടം 3(5)അനുശാസിക്കുന്നത് ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14.01.11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/രൂപയായി പഞ്ചായത്ത് വിഞ്ജാപനം ചെയ്തിട്ടുണ്ട്.(പഞ്ചായത്ത് കമ്മറ്റിയുടെ 11.01.12-ലെ രണ്ടാം നമ്പർ തീരുമാനം) എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 30/രൂപ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ	കെട്ടിട നമ്പർ	ഉടമയുടെ വിവരം	വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ	100 ച.മീറ്ററിൽ കൂടുതൽ വിസിതീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക്	നികുതി നിർണ്ണയം നടത്തിയ നിരക്ക്	നിർണ്ണയിച്ച നികുതി ഇളവ്/ വർദ്ധനവ് ഉൾപ്പടെ	50 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട നികുതി ഇളവ്/ വർദ്ധനവ് ഉൾപ്പടെ	കുറവ്
111	412A,B, C, D,E	ഗോപിനാഥൻ നായർ മഠത്തിനകത്ത്	151.73	50	30	4552+ 910(20%വർദ്ധനവ്)-455 10%ഇളവ്=5007	7587+ 1517(20%വർദ്ധന)-759 (10%ഇളവ്) =8345	3338
X	404E,F,G,H,I	ഷാജി ഈറ്റത്തോട്ട്	215.861	50	30	6476+1295 (20%വർദ്ധനവ്) =7771	10793+2159 (20%വർദ്ധനവ് = 12952	5181
X111	151A,B, C,D,E,F, G	ജോസഫ് പടിഞ്ഞാറേമുറിയിൽ	254.46	50	30	7634+1527 (20%വർദ്ധനവ് = 9161	12723+2545 (20%വർദ്ധനവ് = 15268	6107

V11	292A,B,c	രാധാകൃഷ്ണൻ& മാലിനി രാധാകൃഷ്ണൻ	105.44	50	30	3163+633 (20%വർദ്ധനവ്)= 3796	5272+1054 (20%വർദ്ധനവ്) = 6326	2530
	ആകെ							17156

ഇപ്രകാരം നികുതി നിർണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 20 ന് മറുപടി ലഭ്യമാക്കിയില്ല. നികുതി നിർണ്ണയം പുനപരിശോധിച്ച് അപാകത പരിഹരിക്കേണ്ടതാണ്.

2-2-2 മൊബൈൽടവർ-വസ്തുനികുതി നിർണ്ണയത്തിൽ അപാകത

ഗ്രാമ പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ 7 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം മൊബൈൽ ടവറുകളുടെ അനുബന്ധ കെട്ടിടങ്ങളുടെ അളവുകളുടെ മാത്രമാണ് നികുതി നിർണ്ണയം നടത്തിയതായി കാണുന്നത്. ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	മൊബൈൽ കമ്പനിയുടെ പേര്	ഫോറം-6 പ്രകാരം വിസ്തീർണ്ണം	നിശ്ചയിച്ച നികുതി
1	വൊഡാഫോൺ	11	5500
2	ഇൻഡസ് ടവർ	9	4500
3	ഭാരതി ഇൻഫ്രാറ്റിൽ ലിമിറ്റഡ്	8	4000
4	ഭാരതി ഇൻഫ്രാറ്റിൽ ലിമിറ്റഡ്	9	4500
5	ഭാരതി എയർടെൽ	11	5500
6	റിലയൻസ് ഇൻഫോ	6	3000
7	ബി.എസ്.എൻ.എൽ	16	8000

മൊബൈൽ ടവറുകളും അനുബന്ധ കെട്ടിടങ്ങളും നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിനായി എൽ.എസ്.ജി.ഡി. വിഭാഗം ജീവനക്കാരെക്കൊണ്ട് എല്ലാ ടവറുകളുടെയും അളവുകൾ ശേഖരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്.

2-3 തൊഴിൽ നികുതി- പൂർണ്ണമായി ഈടാക്കുന്നില്ല-തനത് വരുമാനം കുറയുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരവിനമാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) <u>എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തേണ്ടതുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. 2015-16 സാമ്പത്തികവർഷത്തെ ഡി&ഒ അപേക്ഷകൾ പരിശോധിച്ചപ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	കാലയളവ്
1	ജലനിധി	2015-16 IIndഅർദ്ധവാർഷികം

2	ലയൺസ് ക്ലബ്ബ്, എം ഹോസ്പിറ്റൽ, പൈക	2015-16 I^st&II^nd അർദ്ധവാർഷികങ്ങൾ
3	മണപ്പുറം ഫിനാൻസ്,	2015-16 I^st&II^nd അർദ്ധവാർഷികങ്ങൾ
4	സുപ്രീം മെഷീൻ വർക്ക്	2015-16 II^nd അർദ്ധവാർഷികങ്ങൾ
5	അഗ്രിക്കർച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	2015-16 I^st&II^nd അർദ്ധവാർഷികങ്ങൾ

ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണെന്ന് നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഇത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നതിലൂടെ നികുതി പരിധിയിൽ നിന്നും ആരും ഒഴിവായിട്ടില്ല എന്ന് ഉറപ്പു വരുത്താൻകഴിയും.

(2) സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ കുറവ്

തൊഴിൽ നികുതി സംബന്ധിച്ച രേഖകളും റജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	നികുതി ഇനം	കാലയളവ്
1	കെ.എസ്.ഇ.ബി. പൈക	സ്ഥാപന തൊഴിൽ നികുതി	2015-16 II^nd അർദ്ധവാർഷികം
2	നിർമ്മൽ ജ്യോതി പബ്ലിക് സ്കൂൾ	സ്ഥാപന തൊഴിൽ നികുതി	2015-16 I^st&II^nd അർദ്ധവാർഷികങ്ങൾ
3	മുത്തൂറ്റ് ഫിനാൻസ്, പൈക	സ്ഥാപന തൊഴിൽ നികുതി	2015-16 II^nd അർദ്ധവാർഷികം
4	കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, പൈക	സ്ഥാപന തൊഴിൽ നികുതി	2015-16 I^st അർദ്ധവാർഷികം
5	മീനച്ചിൽ സർവ്വീസ് സഹകരണ ബാങ്ക്, 4 ശാഖകൾ (വിളക്കുമാടം, പൂവരണി, കിഴപ്പറയാർ, എം& ഇ, പൈക)	സ്ഥാപന തൊഴിൽ നികുതി	2015-16 II^nd അർദ്ധവാർഷികം
6	കൊശമറ്റം ഫിനാൻസ്, പൈക	സ്ഥാപന തൊഴിൽ നികുതി	2015-16 II^nd അർദ്ധവാർഷികം
7	എസ്.ബി.റ്റി.പൂവരണി	സ്ഥാപന തൊഴിൽ	2015-16 I^st&II^nd അർദ്ധവാർഷികങ്ങൾ

		നികുതി	
8	സുപ്രീം മെഷീൻ വർക്ക്	സ്ഥാപന തൊഴിൽ നികുതി	2015-16 IInd അർദ്ധവാർഷികം

(3) കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാത്തതിനാൽ വരുമാന നഷ്ടം ഉണ്ടാകാൻ സാധ്യത

നിലവിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്ന സമയത്താണ് അവരിൽ നിന്നും 2 അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കി വരുന്നത്. ഇവരിൽ നിന്നും വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല. ആയതിനാൽ ഈടാക്കിയ നികുതിയിൽ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. തൻമൂലം വരുമാനത്തിൽ കുറവുണ്ടാകാനുള്ള സാധ്യതയുണ്ട്.

നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികാരികൾ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതി സ്വീകരിക്കേണ്ടതാണ്.

2-4 ഡി &ഒ ലൈസൻസ് അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ 180 സ്ഥാപനങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. 2015-16 ൽ 189 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റിൽഉൾപ്പെടാത്ത നിരവധി സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ് എന്ന് വ്യക്തമാകുന്നു. മുൻ വർഷങ്ങളിൽ ലൈസൻസ് പുതുക്കിയിരുന്ന നിരവധി സ്ഥാപനങ്ങൾ തൻ വർഷം ലൈസൻസ് പുതുക്കിയിട്ടില്ല. താരതമ്യേന വലിയ 10 സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം ലൈസൻസ് പുതുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം-12ന് മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് നൽകുന്ന സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയാണ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. തൻമൂലം ലൈസൻസ് നേടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങള കണ്ടെത്തുന്നതിന് സാധിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പകുതിയിലധികം സ്ഥാപനങ്ങൾ നാളിതുവരെ ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ എല്ലാ കോളങ്ങളിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. വിറ്റുവരവ് രേഖപ്പെടുത്താത്ത അപേക്ഷകളിൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് കണക്കാക്കുന്നത് താരതമ്യേന കുറഞ്ഞ നിരക്കുകളിലാണ്. ഇതുമൂലം വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-5 ആഞ്ഞിലിത്തടിയുടെ ഉടമസ്ഥത സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 23.7.15 ലെ 23(6) നം തീരുമാനത്തിൽ പഞ്ചായത്തിന്റെ തോട്ടുപുറമ്പോക്കിൽ വള്ളോംകുളം ഭാഗത്ത് നിൽക്കുന്ന ആഞ്ഞിലിത്തടി അനധികൃതമായി മുറിച്ചുമാറ്റിയതായി കണ്ടെത്തിയെന്നും ടി വൃക്ഷം നിന്ന സ്ഥലം സംബന്ധിച്ച് തർക്കം നിലവിലുള്ളതിനാൽ പുറമ്പോക്ക് ഭൂമി നിർണ്ണയിച്ച് തരുവാൻ തഹസീൽദാരോട് ആവശ്യപ്പെടുവാനും തീരുമാനിച്ചിരുന്നു. സ്ഥലം സംബന്ധിച്ച തർക്കം തീർപ്പായിട്ടില്ലായെന്നും വില്ലേജ് ഓഫീസിൽ നിന്നും വന്നവർക്ക് സ്ഥലം കാട് കയറിക്കിടന്നതിനാൽ അളവ് സാദ്ധ്യമായില്ലായെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചു. നിലവിൽ ആഞ്ഞിലിത്തടി പകുതി മുറിച്ച നിലയിലാണ്. ഭൂമി സംബന്ധിച്ച തർക്കം അടിയന്തിരമായി തീർപ്പാക്കി ആഞ്ഞിലിത്തടി ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-6 പരസ്യ നികുതി - ബൈലോ അംഗീകാരം ലഭിച്ചിട്ടില്ല

കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 209 പ്രകാരമുള്ള പരസ്യനികുതി പിരിക്കുന്നതിനായി ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നുള്ള അംഗീകാരത്തിനായി അയയ്ക്കുവാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തതായി അറിയിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല. പൊൻകുന്നം-പാലാ റോഡിന്റെ ഇരുവശങ്ങളിലുമായി നിരവധി പരസ്യബോർഡുകൾ സ്ഥാപിച്ചുണ്ടെങ്കിലും ആയവയിൽ നിന്നും പരസ്യനികുതി ഈടാക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. ആയതിനാൽ ബൈലോയ്ക്ക് അടിയന്തിരമായി അംഗീകാരം വാങ്ങി പരസ്യനികുതി വഴി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2-7 ഫിഷ് മാർക്കറ്റ്-പ്രവർത്തനക്ഷമമാക്കിയിട്ടില്ല

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെൻറ് കോർപറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിൻറെ മേൽ നോട്ടത്തിൽ എൻ.എഫ്. ഡി.ബി. ഷെയർ 67.51 ലക്ഷവും, സ്റ്റേറ്റ് ഷെയർ 12.75 ലക്ഷവും കൂടി ആകെ 80.26 ലക്ഷം രൂപ ചെലവഴിച്ച് പൈക ടൗണിൽ പണികഴിപ്പിച്ചിട്ടുള്ള ആധുനിക ഹൈജീനിക് ഫിഷ് മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ V11-ാം വാർഡിൽ 41എ മുതൽ ജി വരെ നമ്പരുകൾ നൽകി ഫിഷ് മാർക്കറ്റിന് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. 14.7.16ലെ 11-ാം നമ്പർ തീരുമാന പ്രകാരം ഫിഷ്മാർക്കറ്റ് നടത്തിപ്പിനുള്ള ബൈലോ അംഗീകരിച്ച് ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് അംഗീകാരം ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.9.16 ലെ 1052/16 നമ്പർ കത്തിലൂടെ ചില അപാകതകൾ പരിഹരിക്കുന്നതിനായി തിരികെ ലഭ്യമാക്കിയിട്ടുണ്ട്. തനത് ഫണ്ട് വളരെ കുറവായ പഞ്ചായത്തിലെ തനത് വരുമാന വർദ്ധനവിന് വളരെ സഹായകരമായ മേൽ പദ്ധതി എത്രയും വേഗത്തിൽ പ്രവർത്തന ക്ഷമമാക്കുന്നതിന് ഭരണ സമിതിയുടെ ഭാഗത്തുനിന്നും അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വാർഷിക പദ്ധതിയിലെ നിർബന്ധിത വകയിരുത്തൽ; സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ [സ.ഉ.(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ., തീയതി 16.11.2013] പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ (ലോകബാങ്ക് സഹായം ഒഴികെ) കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്ക് വേണ്ടി 5% തുക നീക്കിവെയ്ക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ നിബന്ധന കൃത്യമായി പാലിച്ചിട്ടില്ല. 2015-16 സാമ്പത്തിക വർഷം മേൽ പറഞ്ഞ വിഭാഗങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ആകെ ലഭിച്ച വികസനഫണ്ട് (ലോകബാങ്ക് ധനസഹായം ഒഴികെ)	വകയിരുത്തേണ്ട തുക (5%)	വകയിരുത്തിയ തുക	ചെലവഴിച്ച തുക
1,51,12,538	7,55,627	19,40,000	14,82,408

അനുപൂരക പോഷകാഹാര പദ്ധതിക്ക് വകയിരുത്തിയ 12 ലക്ഷം രൂപ കൂടി മേൽപറഞ്ഞ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വകയിരുത്തലിൽ ഉൾപ്പെടുത്തിയാണ് 2015-16 വർഷം പദ്ധതിക്ക് അംഗീകാരം വാങ്ങിയത്. അങ്കണവാടികളുടെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, അങ്കണവാടി പോഷകാഹാര വിതരണം എന്നിവ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതിയിലെ ഇനങ്ങളായി ഉൾപ്പെടുത്താവുന്നതല്ലെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായാണ് അനുപൂരക പോഷകാഹാര പദ്ധതി കുട്ടികൾക്കായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയത്. പദ്ധതി രൂപീകരണത്തിലെ ഇത്തരം അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

3-2 വിവിധ ആവശ്യങ്ങൾക്കായി സർക്കാരിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകൾ-തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

വിവിധ ആവശ്യങ്ങൾക്കായി സർക്കാരിൽ നിന്നും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പൈക്ക -കേരളസംസ്ഥാന സ്പോർട്ട്സ് കൗൺസിൽ കളിസ്ഥല വികസനം–2015-16 ലഭിച്ചത് 2,80,000/-
2.ഖരമാലിന്യ നിർമ്മാർജ്ജനം(ബയോഗ്യാസ് പ്ലാന്റ്)-ശുചിത്വമിഷൻ-5,05,000 – 2014-15 വർഷം ലഭ്യമായത്
3. നബാർഡ് ധനസഹായം-കൊച്ചുകൊട്ടാരം അംഗൻവാടി നിർമ്മാണം-25739/- – 2014-15 വർഷം ലഭ്യമായത്

പ്രസ്തുത തുകകൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിനിയോഗിക്കാൻ സാധിക്കാത്തപക്ഷം തുക അതാത് ഏജൻസികൾക്ക്

തിരിച്ചടയേയ്ക്കണ്ടതുമാണ്.

3-3 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് - ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് ചോർത്തുന്നു

വൈദ്യുതിചാർജ്ജിനത്തിൽ ഓരോ മാസവും ഗ്രാമപഞ്ചായത്ത് 59041 രൂപ വീതം ഒടുക്കുന്നു. തെരുവുവിളക്കുകളുടെ മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയിരുന്നില്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിൽ ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് നാളിതുവരെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തത് പഞ്ചായത്ത് അധികൃതരുടെയും ഭരണസമിതിയുടെയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

നിലവിൽ 262 എണ്ണം 40 W ഓർഡിനറി ബൾബുകൾക്ക് 15982 രൂപയും 87 എണ്ണം 250 W സോഡിയം വേപ്പർ ബൾബുകൾക്ക് 36018 രുപയും വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം ഈടാക്കി വരുന്നതായി കെ.എസ്.ഇ.ബി യുടെ വൈദ്യുത ചാർജ് താരിഫ് പട്ടികയിൽ നിന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ 4 വർഷമായി ഓർഡിനറി ബൾബുകളോ സോഡിയം വേപ്പർ ബൾബുകളോ ഒന്നും തന്നെ പുതുതായി സ്ഥാപിച്ചിട്ടില്ല. ആയതുപോലെ വാർഡുകളിൽ ഓർഡിനറി ബൾബുകൾ ഒന്നും തന്നെയില്ല എന്നാണ് എക്സിറ്റ് മീറ്റിംഗിൽ ജനപ്രതിനിധികൾ അറിയിച്ചത്. ഇതിൽ നിന്നും മാസംതോറും വളരെയധികം തുക അനാവശ്യമായി അടവാക്കുന്നു എന്നാണ് ഓഡിറ്റിന് ബോധ്യപ്പെടുന്നത്. ഈ സാഹചര്യത്തിൽ യഥാർത്ഥത്തിൽ പ്രവർത്തിയ്ക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും മീറ്ററിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3-4 കമ്പ്യൂട്ടറുകൾ- ആവശ്യാധിഷ്ഠിതമല്ലാതെ വാങ്ങൽ-സർക്കാർ ഉത്തരവുകളുടെ ലംഘനം

ഗ്രാമപഞ്ചായത്തിന്റെ കമ്പ്യൂട്ടർ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ ലഭിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	എണ്ണം
സെർവർ കമ്പ്യൂട്ടർ	1
കമ്പ്യൂട്ടർ	20
ലേസർ പ്രിന്റർ	8
ഡോട്ട് മാട്രിക്സ് പ്രിന്റർ	2
സ്കാനർ	3
ഹൈ സ്പീഡ് സ്കാനർ	1
യു.ബി.എസ്. 3KVA	2

പഞ്ചായത്ത് ജീവനക്കാർക്ക് നല്കിയ കമ്പ്യൂട്ടറുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

തസ്തിക	കമ്പ്യൂട്ടറിന്റെഎണ്ണം
പ്രസിഡന്റ്	1 laptop
സെക്രട്ടറി	1+1 laptop
അസിസ്റ്റന്റ് സെക്രട്ടറി	1
ജൂനിയർ സൂപ്രണ്ട്	1
അക്കൗണ്ടന്റ്	1
സീനിയർ ക്ലർക്കുമാർ	3
ക്ലർക്കുമാർ	4

ടെക്നിക്കൽ അസിസ്റ്റന്റ്	1
ഫ്രണ്ട് ഓഫീസ്	2

ജി.ഒ.(ആർ.ടി)1972/2011 തസ്വഭവ.23.08.11 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പരമാവധി ഒൻപത്(9) കമ്പ്യൂട്ടറുകൾ വരെ വാങ്ങി ഉപയോഗിക്കാം. എന്നാൽ ഈ ഉത്തരവിനെ മറികടന്ന് കംപ്യൂട്ടർ വാങ്ങിയതിന് അധികൃതർ വിശദീകരണം നൽകിയില്ല. നിലവിലുള്ള ജീവനക്കാരുടെ എണ്ണം 12 മാത്രമാണ്. ഇത് കൂടാതെ ഫ്രണ്ട് ഓഫീസിനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും കമ്പ്യൂട്ടർ നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ 2 കമ്പ്യൂട്ടറുകൾ ഉപയോഗിച്ചാലും ആകെ 15 കമ്പ്യൂട്ടറുകളേ ആവശ്യമായിട്ടുള്ളൂ. പ്രസ്തുത 15 കമ്പ്യൂട്ടർ നിലവിൽ ഉണ്ടായിരുന്നു. ആയവയ്ക്ക് കെൽട്രോണുമായി എ.എം.സി. വെച്ചിട്ടുണ്ട്.
കമ്പ്യൂട്ടറുകൾ നിലവിൽ ആവശ്യത്തിനുണ്ടായിരിക്കെ പ്രോജക്ട് തയ്യാറാക്കി 2015-16 സാമ്പത്തിക വർഷം 5 എണ്ണം കൂടി വാങ്ങുകയുണ്ടായി (2 ലാപ്ടോപ്പുകൾ ഉൾപ്പെടെ). (പ്രോജക്ട് നമ്പർ – 151/16) ഇതിന്റെ ആവശ്യകത എന്തെന്ന് വ്യക്തമല്ല. പുതിയ കമ്പ്യൂട്ടറുകൾ ഉപയോഗിക്കാൻ നിലവിലുള്ള ജീവനക്കാർ മതിയാകാതിരിക്കെ അഞ്ച്(5) എണ്ണം ഉപയോഗമില്ലാതെ അവശേഷിക്കുന്ന അവസ്ഥയുണ്ടാവുന്നു. ഉപയോഗിക്കാവുന്ന കമ്പ്യൂട്ടറുകളുടെ എണ്ണം നിജപ്പെടുത്തിയ ഉത്തരവ് നിലനിൽക്കേ ഇത്രയധികം കമ്പ്യൂട്ടറുകൾ വാങ്ങിച്ചതിന്റെ ആവശ്യവും ജീവനക്കാരുടെ എണ്ണത്തിലധികരിച്ച് വാങ്ങിയതിന്റെ ഔചിത്യവും ഓഡിറ്റിനെ ബോധിപ്പിക്കേണ്ടതാണ്.

3-5 കടത്തുവള്ളങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം മൂന്ന് കടത്തുകൾ(ഫെറി) പ്രവർത്തിച്ചുവന്നിരുന്നു. കടത്തുകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കടവിന്റെ പേര്	വാർഡ് നമ്പർ	കടത്തുകാരന്റെ പേരും മേൽവിലാസവും
1	മൂക്കൻതോട്ടത്തിൽ കടവ്	II	രമേശ് റ്റി.എസ്. തുരുത്തിക്കാട് കിഴപ്പറയാർ പി.ഒ.
2	അസ്സീസി കടവ്	II	പി.എൻ.രാമചന്ദ്രൻ, പിണക്കാട്ട്, കിഴപ്പറയാർ
3	തറപ്പേൻ കടവ്	II	പി.എൻ.ബാബു പിണക്കാട്ട്, കിഴപ്പറയാർ

പ്രസ്തുത കടത്തുകളിൽ പ്രവർത്തിപ്പിക്കുന്ന വള്ളങ്ങളുടെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ചുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ്(ഡി.ഫോം) ഓഡിറ്റ് എൻക്വയറി നമ്പർ 07/21.11.2016 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല. ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ്, ജലവിഭവ വകുപ്പ്, എറണാകുളം 17.10.2008 ന് സി.എെ.ബി. 10/2006 നമ്പറിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച കത്ത് അനുസരിച്ച് പല പഞ്ചായത്തുകളിലും നടത്തുന്ന ഫെറികളിൽ നിലവിലുള്ള നിയമമനുസരിച്ചുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും, കനാൽ ലൈസൻസും ഇല്ലാതെ യന്ത്രവല്കൃത ബോട്ടുകളും വള്ളങ്ങളും ജങ്കാറുകളും സർവ്വീസ് നടത്തുന്നുണ്ട് എന്ന് പരാമർശിച്ചിട്ടുണ്ട്. നിയമാനുസൃതമായ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ സർവ്വീസ് നടത്തുന്നത് മൂലമുണ്ടാകുന്ന അപകടമരണങ്ങൾക്കും, സകലവിധ കഷ്ടനഷ്ടങ്ങൾക്കും ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ഉത്തരവാദിയായിരിക്കുന്നതാണ്. പ്രസ്തുത വിഷയത്തിന്മേൽ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

3-6 റോഡ്ടാറിംഗ്/റീടാറിംഗ്പ്രവൃത്തി-ബാരൽ വില ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ ആണ്. DSR പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില (250+12.5%VAT) ബില്ലിൽ കുറച്ച ശേഷം കരാറുകാരന്/കൺവീനർക്ക് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു.

ഇതുചെയ്യാത്തതുമൂലം പഞ്ചായത്തിന് കരാറുകാരന്/കൺവീനർക്ക് അധികം തുക നൽകുവാൻ ഇടയായിട്ടുണ്ട്. ബിറ്റുമിൻ ഉപയോഗിച്ച വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 26/16പാട്ടുപാറ വയലിൽ കളപ്പുര പെരുമ്പാറപുളിക്കൽ റോഡ് റീടാറിങ്ങ്-
2. 27/16 പാലാക്കാട് -കണ്ണാടിയുറുമ്പ് -കുറ്റിപ്പ്ലാക്കൽ റോഡ് റീടാറിങ്ങ്
3. 31/16 കിഴപറയാർ-അസ്സീസ്സിക്കടവ് റോഡ് റീടാറിംഗ്
4. 38/16 കോക്കാട്ടുപടി-ബാങ്ക്പടി റോഡ്
5. 44/16 ഇടമറ്റം മുട്ടിയാനിക്കുന്ന് റോഡ് റീടാറിംഗ്
6. 56/16 മേടയ്ക്കൽ-വരിയ്ക്കാനിയ്ക്കൽ റോഡ് റീടാറിങ്ങ്
7. 82/16 വലിയകൊട്ടാരം -കുരിശ്ശുപള്ളി റോഡ് ടാറിങ്ങ്
8. 95/16കുറ്റില്ലം കരയോഗം-ആലഞ്ചേരി റോഡ് റീടാറിംഗ്
9. 96/16 മീനച്ചിൽ മാപ്പലക റോഡ് റീടാറിംഗ്
10. 97/16 കുറ്റില്ലം-കല്ലുമാക്കൽ റോഡ് റീടാറിംഗ്

    98/16പൂവത്താനി-കല്ലേക്കുളം റോഡ്- റീടാറിംഗ്

11. 103/16പുന്നത്തുറ-വാകമല കാവുംപുറംകുന്ന് റോഡ് റീടാറിംഗ്
12. 153/16 ഇടമറ്റം-പൂവത്തോട് ചിലമ്പൻകുന്ന് റോഡ്ഡറിംഗ്
13. 169/16ചരള-കൊച്ചുപരമ്പിൽ റോഡ് ടാറിങ്ങ്
14. 172/16 വാഴമറ്റം-വിളക്കുമാടം റോഡ് റീടാറിംഗ്

ബാരൽ വില തിരികെ ഈടാക്കാത്തതിന് വിശദീകരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 18/16) മറുപടി ലഭ്യമായില്ല. മേൽ പരാമർശിച്ച വർക്കുകളുടെ കരാറുകാരൻ/ കൺവീനറിൽ നിന്നും ബാരൽ വില തിരികെ ഈടാക്കേണ്ടതാണ്.

3-7 ഗുണഭോക്തൃസമിതിമുഖേനയുള്ള ടാറിങ്ങ്-ബിറ്റുമിൻ ബിൽ പ്രകാരമുള്ള തുകയേക്കാൾ അധികം തുക നൽകി

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന ടാറിങ്ങ്/റീടാറിങ്ങ് പ്രവൃത്തികൾക്ക് കൺവീനർ ഹാജരാക്കുന്ന ബിൽ പ്രകാരമുള്ള തുകകളേക്കാൾ അധികം തുക നൽകുന്നതായി കാണുന്നു. കൺവീനർ ഹാജരാക്കുന്ന സിഡ്കോ ഉൾപ്പടെയുള്ള ഏജൻസികളിൽ നിന്നും വാങ്ങുന്ന ബിറ്റുമിന് ബിൽ പ്രകാരം 1Kg ബിറ്റുമിന്റെ വില (ബാരൽ വില ഉൾപ്പടെ) =31.30 രൂപയാണ്. എന്നാൽ DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതും ബിൽ തുക നൽകിയതും ബിറ്റുമിന് വില കി.ഗ്രാമിന് 41/- രൂപ(41000/tonne) നിരക്കിലാണ്. ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിയ്ക്ക് നൽകേണ്ടതാണ്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 31/16 കിഴപറയാർ അസീസ്സിക്കടവ് റോഡ് റീടാറിംഗ്
2. 169/16 ചരളയിൽ കൊച്ചുപറമ്പിൽ റോഡ് മെറ്റലിങ്ങ് & ടാറിങ്ങ്
3. 172/16 വാഴമറ്റം-വിളക്കുമാടം റോഡ് റീടാറിംഗ്

ബിറ്റുമിൻ വില (ടൺ)DSRപ്രകാരം	41000
കൺവേയൻസ്	106.49
ആകെ	4106.49
വാട്ടർ ചാർജ്ജ് 1%	411.06
ആകെ	41517.55
കോസ്റ്റ് ഇൻഡക്സ് 1.4095	58518.98

	58.51/Kg
കൺവീനറുടെ ചെലവ്	
161.8 കി.ഗ്രാം ഉള്ള 10 ബാരലിന് വില	50638
കൺവേയൻസ്	2500
ആകെ	53138
വാട്ടർ ചാർജ്ജ് 1%	531
ആകെ	53669
ഒരു കിഗ്രാം ബിറ്റുമിന്റെ വില 33.16/ കി.ഗ്രാം	

ബിറ്റുമിൻ വിലയിനത്തിൽ ബാരലിന്റെ വിലയിനത്തിലും അധികം തുക നൽകിയത് മൂലം ഗ്രാമപഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അധികച്ചെലവ് ഉണ്ടാകാതിരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കേണ്ടതുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3-8 എ.ഇ, വി.ഇ.ഒ ഓഫീസ് കെട്ടിടനിർമ്മാണം -എസ്റ്റിമേറ്റ് പൂർണ്ണമല്ല

പ്രോജക്ട് നം 136/16 അസിസ്റ്റന്റ് എഞ്ചിനീയർ/വി.ഇ.ഒ. എന്നിവർക്ക് ഓഫീസ് നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിന്റെ റൂഫിങ്ങ്, പ്ലാസ്റ്ററിങ്ങ് വരെയുള്ള വർക്കുകളാണ്. ഉൾപ്പെടുത്തിയിരുന്നത്. പ്രോജക്ട് നം 161/16 പ്രകാരം പ്ലംബിങ്ങ്, ഒഴികെ വാതിലുകൾ, ജനലുകൾ, ഫ്ലോറിംഗ്, ടൈൽ പാകുക, ഇലക്ട്രിഫിക്കേഷൻ എന്നീ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.

ജി.ഒ (എംഎസ്)362/2013തസ്വഭവ16-11-13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണപ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ഉത്തരവുകൾക്ക് വിരുദ്ധമായി ആദ്യ പ്രോജക്ട് തയ്യാറാക്കിയത് സ്ട്രക്ചർ മാത്രം പൂർത്തിയാക്കുന്നതിനാണ്. ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കുന്നത് ക്രമപ്രകാരമല്ല. നിലവിൽ ടോയ്ലറ്റിന്റെ പ്ലംബിങ്ങ് വർക്കുകൾ പൂർത്തീകരിക്കുവാനുണ്ട്. ആയത് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും കെട്ടിടനിർമ്മാണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

3-9 പെൺകുട്ടികൾക്ക് യോഗാ പരിശീലനം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു. പി. സ്കൂൾ പൂവരണി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പെൺകുട്ടികൾക്ക് യോഗാ പരിശീലനം (എസ്.0075/16)എന്ന പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 11 സ്കൂളുകളിലെ പെൺകുട്ടികൾക്ക് യോഗാ പരിശീലനം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 06.08.16 ലെ 4/15 നമ്പർ ദർഘാസ് നോട്ടീസ് പ്രകാരം ലഭിച്ച 3 ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ശ്രീ.കെ.പി. മോഹനൻ, ഡയറക്ടർ ശാന്തി യോഗ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ മീനച്ചിൽ സബ് ട്രഷറിയിൽ നിന്നും ബിൽ നം 2/15-16 പ്രകാരം 13.01.16 ൽ 150000/ രൂപ മാറി 13.01.16 ലെ ഡിഡി നം. 075258 പ്രകാരം ശ്രീ.കെ.പി. മോഹനൻ കൈപ്പറ്റിയിട്ടുണ്ട്. പ്രോജക്ട് ആസൂത്രണം നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) യോഗാ പരിശീലനം പെൺകുട്ടികൾക്ക് മാത്രമായി നടപ്പാക്കി, ആൺ കുട്ടികളെ ഒഴിവാക്കി.

2) ജി.ഒ. (ആർ.ടി) 29/16 തീയതി ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 5.1.16 ലാണ് യോഗാ പരിശീലനം നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്. അനുമതി ഉത്തരവ് ലഭിക്കുന്നതിന് മുൻപുതന്നെ പരിശീലനം നടത്തി.

3) മാനദണ്ഡം നിശ്ചയിക്കാതെ ഒരു മണിക്കൂർ യോഗ പരിശീലിപ്പിക്കുന്നതിന് 1500രൂപ പ്രതിഫലം നിശ്ചയിച്ചു.

4) 10.9.15 മുതൽ 31.10.15 വരെ 8 ദിവസങ്ങളിലായി സെന്റ് തെരേസാസ് യു.പി. സ്കൂൾ വിളക്കുമാടം എന്ന സ്കൂളിൽ തുടർച്ചയായി 4മണിക്കൂർ/ദിവസം നിരക്കിൽ യോഗ പരിശീലനം നടത്തിയതായും ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിഫലം നൽകിയതായും കാണുന്നു.

5) 11 സ്കൂളുകളിലെ പെൺകുട്ടികൾക്ക് യോഗാ പരിശീലനം നൽകിയിട്ടുള്ളതിൽ 5 സ്കൂളുകൾ എൽ.പി. സ്ക്കൂളുകളാണ്. ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് യോഗാ പരിശീലനം നൽകുന്നത് ഫലപ്രാപ്തിയിലെത്തുന്നില്ല.

പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുമ്പോൾ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3-10 അനുവദനീയമായതിലും അധികം ഗ്രോബാഗ് വിതരണം ചെയ്തു

പ്രോജക്ട് നം-	എസ്. 018/16
പേര്	പച്ചക്കറി കൃഷിയ്ക്ക് ഗ്രോബാഗ്, പച്ചക്കറിതൈകൾ വിതരണം
വകയിരുത്തൽ	73485 ധനകാര്യ കമ്മീഷൻ ഗ്രാന്റ് 46102 ഗുണഭോക്തൃവിഹിതം ആകെ 119587/

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 178 ഗുണഭോക്താക്കൾക്ക് ഗുണഭോക്താവ് ഒരാൾക്ക് 35 ഗ്രോബാഗുകൾ വീതം 6230 ഗ്രോബാഗുകൾ വിതരണം നടത്തിയിട്ടുണ്ട്. ഈ ഇനത്തിൽ വകയിരുത്തിയ ധനകാര്യ കമ്മീഷൻ ഗ്രാന്റ് 73485 രൂപ ബിൽ നം-1/15-16പ്രകാരം 31.12.15ൽ 37000/രൂപയും, ബിൽ നം-5/15-16 പ്രകാരം 36485 രൂപയും പിൻവലിച്ച് ഗ്രോബാഗ് ഒന്നിന് 14.80 രൂപ വിലയുടെ 50% ഗുണഭോക്തൃവിഹിതം കിഴിച്ച് 7.40 രൂപ നിരക്കിൽ 46102 ഗ്രോബാഗിന്റെ വിലയിനത്തിലും, 27383 രൂപ പച്ചക്കറി തൈകൾ വാങ്ങിയ വകയിലും ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ ജി. ഒ. (എം. എസ്)362/13 ത.സ്വ.ഭ.വ. തീയതി 6.11.13. പ്രകാരം സ്ഥലവിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 ഗ്രോബാഗുകൾ മാത്രമാണ് നൽകാവുന്നത്. ഇതിൽ അധികരിച്ച് വിതരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 10ന് ലഭ്യമാക്കിയ മറുപടിയിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ലഭ്യമാകാത്തതിനാലാണ് ഇപ്രകാരം ഗുണഭോക്താവ് ഒരാൾക്ക് 35 ഗ്രോബാഗുകൾ വീതം വിതരണം ചെയ്തത് എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലഭ്യതയ്ക്കനുസരിച്ച് ഗ്രോബാഗുകൾ വാങ്ങേണ്ടിയിരുന്നതിനുപകരം അധികം എണ്ണം വാങ്ങി വിതരണം ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 178 ഗുണഭോക്താക്കൾക്ക് 25 ഗ്രോബാഗുകൾ പ്രകാരം നൽകാവുന്ന 4450 ഗ്രോബാഗുകളുടെ സബ്സിഡി തുകയായ 32930 രൂപയിൽ അധികരിച്ച് ചെലവഴിച്ച 13172/രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-11 ചെറുകിട നാമമാത്ര കർഷകൻ അല്ലാത്തയാൾക്ക് സബ്സിഡി നൽകി

പ്രോജക്ട് നം.	015/16
പേര്	ജലസേചന പമ്പ് സെറ്റ് വിതരണം
വകയിരുത്തൽ	42217 ധനകാര്യകമ്മീഷൻ ഗ്രാന്റ്

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 9 ഗുണഭോക്താക്കൾക്ക് പമ്പ് സെറ്റ് വിതരണം നടത്തിയിട്ടുണ്ട്. ബിൽ നം.3/15-16 പ്രകാരം 16.2.16ൽ 42217രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ ജി.ഒ.(എംഎസ്) 362/2013.ത.സ്വ.ഭ.വ. തീയതി-16.11.13 പ്രകാരം നാമ മാത്ര കർഷകർക്കും, ചെറുകിട കർഷകർക്കും മാത്രമേ പമ്പ് സെറ്റ് വിതരണം നടത്താവൂ. സർക്കുലർ നം. 41935/98/ത.സ്വ.ഭ.വ. തീയതി 29.8.98 ഒരു ഹെക്ടറിന് (രണ്ട് ഏക്കറിൽ) താഴെ ഭൂമിയുടെ ഉടമ നാമമാത്ര കർഷകനും, ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും (അഞ്ച് ഏക്കർ) താഴെ ഭൂമിയുടെ ഉടമ ചെറുകിട കർഷകനുമാണ് എന്ന് നിർവചിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം അവഗണിച്ച് രണ്ട് ഹെക്ടറിൽ കൂടുതൽ ഭൂമി സ്വന്തമായുള്ള (കരം കെട്ടിയ രസീത് നം.3591775 തീയതി 19.11.14 പ്രകാരം)ശ്രീ.പാവലോ അബ്രാഹം, പഴേപറമ്പിൽ എന്നയാൾക്ക് 4600/രൂപ സബ്സിഡി നൽകിയിട്ടുണ്ട്. മാത്രമല്ല 9ഗുണഭോക്താക്കൾ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ഹാജരാക്കിയിട്ടുള്ള കരമടച്ച രസീത് 2015-16 വർഷത്തേതല്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-14ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. സബ്സിഡി മാർഗരേഖ ലംഘിച്ച് സബ്സിഡി നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ ചെലവഴിച്ച 4600/രൂപ ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-12 ഇ. എം. എസ് ഭവന നിർമ്മാണം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് അവസാനഗഡു തുക നൽകിയിട്ടില്ല

മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുകയും വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ച് തുക കൈപ്പറ്റുകയും ചെയ്ത താഴെ പറയുന്ന 5 ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താക്കളുടെ വിവരം	അനുവദിച്ച തുക	കൈപ്പറ്റിയ തുക	അവശേഷിക്കുന്ന തുക
1	ഇന്ദിര രാജൻ, കൊല്ലംപറമ്പിൽ	75000 രൂപ	67500 രൂപ	7500 രൂപ
2	മേരി വർഗീസ്, കുറുമാക്കൽ	100000 രൂപ (P.H)	90000 രൂപ	10000 രൂപ
3	ലാലിതോമസ്, പറപ്പള്ളിക്കുന്നേൽ	75000 രൂപ	67500 രൂപ	7500 രൂപ
4	ജോണി, അയ്യൻകോവിൽ	75000 രൂപ	67500 രൂപ	7500 രൂപ
5	ത്രേസ്യാമ്മ കപ്പിലുമാക്കൽ	75000 രൂപ	67500 രൂപ	7500 രൂപ

നിലവിൽ മേൽ പ്രസ്താവിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സംബന്ധിച്ച് നിലവിലെ അവസ്ഥയും നിർമ്മാണം പൂർത്തിയാക്കി ആനുകൂല്യം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം- 6ന് ലഭ്യമാക്കിയ മറുപടിയിൽ എല്ലാവരും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് എന്നും ഇ.എം.എസ്. ലോൺ കാലാവധി തീർന്നതിനാൽ ബാലൻസ് തുക നൽകുന്നതിന് സാധിക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന തുക നൽകുന്നതിന് ഉചിതമായ നടപടി ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

3-13 പാലിയേറ്റീവ് കെയർ പദ്ധതി- സർക്കാർ മാർഗ്ഗനിർദ്ദേശ ലംഘനം

12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും നടപ്പിലാക്കേണ്ട പാലിയേറ്റീവ് പരിചരണത്തിന് ജി.ഒ.(ആർ.ടി) 3217/2015 തസ്വഭവ.തീയതി 29.10.2015 ആയി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടു. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയോ, ആരോഗ്യസ്ഥാപനത്തിന്റെയോ വാഹനം ഇല്ലാത്ത സാഹചര്യത്തിൽ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015 ഖണ്ഡിക 2.6.5 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ കൺവീനറായുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയ്ക്ക് ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. വാടകയ്ക്ക്

എടുക്കുന്ന വാഹനത്തിന് മേൽ ഉത്തരവിലെ 2.6.5 ശീർഷകത്തിന്റെ 30ാം ഉപ ശീർഷകം പ്രകാരം വാഹന വാടക ഇനത്തിൽ അനുവദിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

ഓടുന്ന ദൂരം Up and down	15-24 കീ.മീ.	25-34 കീ.മീ	35-44 കീ.മി	45-44 കീ.മി.
പരമാവധി തുക	800 രൂപ	900 രൂപ	1000 രൂപ	1100 രൂപ

എന്നാൽ മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ പാലിക്കാതെ ദിവസം 1500 രൂപ നിരക്കിൽ വാഹന വാടക നല്കിയതായി 2015-16 സാമ്പത്തികവർഷത്തെ രേഖകളുടെ പരിശോധനയിൽ നിന്നും ബോധ്യപ്പെട്ടു. ഇത്തരത്തിൽ അധികം നിരക്ക് വാഹന വാടക ഇനത്തിൽ നല്കിയത് പാലിയേറ്റീവ് പദ്ധതി മാർഗ്ഗരേഖയുടെ ലംഘനമാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി പ്രവർത്തനം നടത്തുന്നത് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർവർഷങ്ങളിൽ പ്രോജക്ടുകൾ ഇത്തരം ക്രമക്കേടുകൾ ഉണ്ടാവാതിരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

3-14 രേഖകളുടെ അഭാവം- ചെലവ് തുക തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ പരിശോധനയിൽ താഴെപറയുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ടിന്റെ വിശദാംശം	ഫണ്ടിനം	ബിൽ നമ്പർ/ തീയതി	അപാകതകൾ
1	150/16 പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംങ്ങ്	ലോകബാങ്ക് വിഹിതം-362036	10/15-16/31.12.15	പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
2	155/16 ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	വികസന ഫണ്ട്-293650	13/15-16/14.01.16	വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.
4	149/16 തെരുവുനായ വന്ധ്യംകരണ പദ്ധതി	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-50000	6/15-16/23.09.16	വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല
5	63/16 അതുല്യം പദ്ധതി	വികസന ഫണ്ട് -42876	55/15-19/31.03.16	അതുല്യം ജനറൽ പരീക്ഷയിൽ (അക്ഷരോൽസവം) പങ്കെടുത്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്ക് ചെലവഴിച്ച തുകയായ 7,48,562/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. യഥാസമയം തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-15 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ 2015-16ൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ലഭിച്ച ഫണ്ടിന്റെ വരവു ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>വർഷം</th><th>പ്രാരംഭ ബാക്കി</th><th>വരവ്</th><th>ആകെ</th><th>വേതനം</th><th>ഭരണ ചെലവ്</th><th>ആകെ</th><th>ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക</th><th>നീക്കിയിരിപ്പ്</th></tr>
<tr><td rowspan="3">2015-16</td><td rowspan="3">113989</td><td>212872</td><td rowspan="3">9833024</td><td>9503981</td><td>200000</td><td rowspan="3">9719035</td><td rowspan="3">113989</td><td rowspan="3">0</td></tr>
<tr><td rowspan="2">പലിശ-2182</td><td>മിസലേനിയസ് പേയ്മെന്റ്</td><td>4463</td></tr>
<tr><td>തനത് ഫണ്ട് സെറ്റിൽ ഫണ്ട്.</td><td>10591</td></tr>
</table>

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

നൂറു ദിനം തൊഴിൽ നൽകിയത് 240 കുടുംബങ്ങൾക്ക് മാത്രം

പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ സ്ഥിതി വിവര കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ	തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ	തൊഴിലിന് അപേക്ഷിച്ച കുടുംബങ്ങൾ	തൊഴിൽ ലഭിച്ച കുടുംബങ്ങൾ	നൽകിയ തൊഴിൽ ദിനങ്ങൾ	ശരാശരി തൊഴിൽ ദിനങ്ങൾ	100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ
2015-16	679	679	679	679	43532	64	260

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഒന്നാം വകുപ്പ് പ്രകാരം, തൊഴിൽ ചെയ്യാൻ തയ്യാറുള്ള ഓരോ കുടുംബത്തിനും സർക്കാർ ഒരു സാമ്പത്തിക വർഷം നൂറിൽ കുറയാത്ത തൊഴിൽ കൊടുക്കേണ്ടതാണ്. മേൽ പട്ടികകൾ പ്രകാരം നൂറു ദിവസം തൊഴിൽ ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം 260 മാത്രമാണ്. ഗ്രാമീണ ജനതയുടെ ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമാക്കി വിഭാവനം ചെയ്ത പദ്ധതിയുടെ അന്ത:സത്ത ഉൾക്കൊണ്ട്, തൊഴിലിനപേക്ഷിച്ച എല്ലാ കുടുംബങ്ങൾക്കും 100 ദിവസത്തിൽ കുറയാതെ തൊഴിൽ നൽകാൻ ആവശ്യമായത്ര പ്രവൃത്തികൾ പഞ്ചായത്ത് ഏറ്റെടുക്കാതിരുന്നതിനാൽ 2015-16 ൽ തൊഴിൽ ദിനങ്ങളും അതിനനുസരിച്ച് വേതന ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന രൂപയും തൊഴിലാവശ്യപ്പെട്ട തൊഴിലാളികൾക്ക് നിഷേധിക്കപ്പെട്ടു. ഇതു കൂടാതെ പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ ആർജ്ജിക്കേണ്ടിയിരുന്ന ആസ്തിയും നഷ്ടപ്പെടുകയുണ്ടായി.

വിതരണംചെയ്യുന്ന വേതനത്തിന് ആനുപാതികമായി ആസ്തി ആർജ്ജിക്കുന്നില്ല

വിതരണം ചെയ്യുന്ന വേതനത്തിന് ആനുപാതികമായി ആസ്തികൾ സൃഷ്ടിക്കപ്പെട്ടു എന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1ലെ ഖണ്ഡിക 14 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. വേതനം, സാധനങ്ങൾ, ഭരണനിർവഹണച്ചെലവ് എന്നീ ഇനങ്ങളിലായി 2015-16 വർഷം തുകകൾ ചെലവഴിച്ചിട്ടും ആസ്തികൾ ഒന്നും തന്നെ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പായിനത്തിൽ 8,20,000 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	ബാങ്ക്	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ഇ.എം.എസ് ഭവന പദ്ധതി	ജി.ഒ. എം.എസ് 1317/2010 എൽ.എസ്.ജി.ഡി. തീ. 16.4.10	എസ്.സി.ബി, മീനച്ചിൽ	31,14,250	1267250	591191		676059
		എസ്.സി.ബി., പൂവരണി	27,63,000	1379300	576740		802560
	ജി.ഒ. എം.എസ് 83/2013 എൽ.എസ്.ജി.ഡി. തീ. 11.3.13	എസ്.സി.ബി., പൂവരണി	52,00,000	0	0		8,20,000

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ)	:	6,27,03,597
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	5,51,92,999
വരവിനങ്ങളിലുള്ള നഷ്ടം	:	-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	17,772
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	7,48,562

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-10		13,172	ശ്രീ.അബ്രഹാം സെബാസ്റ്റ്യൻ, കൃഷി ഓഫീസർ
3-11		4,600	ശ്രീ.അബ്രഹാം സെബാസ്റ്റ്യൻ, കൃഷി ഓഫീസർ

		17,772	

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-14	7,48,562	ശ്രീ.പി.വി.തോമസ്കുട്ടി, സെക്രട്ടറി

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.അബ്രഹാം സെബാസ്റ്റ്യൻ, കൃഷി ഓഫീസർ	കൃഷി ഓഫീസർ, മീനച്ചിൽ ഗ്രാമപഞ്ചായത്ത്	മറ്റപ്പള്ളിൽ, മൂരിക്കാട് പി.ഒ., ഇടുക്കി

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്ക്
1997-98(ചെലവ്)	നം.കെ.എസ്.എ-കെ.ടി.എം.പി.7/1417/15/16.4.16	1	
1997-98(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/141/03/5.6.03/8.7.03	--	
1998-99 ചെലവ്	നം.കെ.എസ്.എ-കെ.ടി.എം.പി.7/1418/15/16.4.16	3	
1998-99	നം.എൽ.എഫ്.കെ.പി.7/142/03/15.3.05/5.4.05	3	
1999-2000	നം.കെ.എസ്.എ-കെ.ടി.എം.പി.7/1299/15/16.4.16	3	
1999-02 plan	നം.എൽ.എഫ്.കെ.പി.7/671/03/24.11.04/8.12.04	--	
2000-01	നം.എൽ.എഫ്.കെ.പി.5/190/E6/11	--	
2001-02	നം.എൽ.എഫ്.കെ.പി.5/1094/07/3.7.09	1	
2002-03 ചെലവ്	നം.എൽ.എഫ്.കെ.പി.7/183/05/3.7.09	4	
2002-03 വരവ്	നം.എൽ.എഫ്.കെ.പി.1/190/ADL/E6/11	1	

2003-04	നം.എൽ.എഫ്.കെ.പി.7/1153/11/7.8.12	1	
2004-05	നം.എൽ.എഫ്.കെ.പി.7/1154/11/1.6.12/7.8.12	5	
2006-0 7	നം.എൽ.എഫ്.കെ.പി.7/659/13/8.2.13/11.6.13	8	
2007-08	നം.എൽ.എഫ്.കെ.പി.7/660/12/7.6.13/11.6.13	4	
2008-09	നം.എൽ.എഫ്.കെ.പി.7/284/14/27.8.16	3	
2009-10	നം.എൽ.എഫ്.കെ.പി.7/285/16/10.5.16		
2010-11, 11-12	നം.കെ.എസ്.എ-കെ.ടി.എം.പി.7/569/14/23.3.15	18	
2012-13	നം.കെ.എസ്.എ-കെ.ടി.എം.പി.7/1161/15/30.9.15	13	
2013-14,14-15	നം.കെ.എസ്.എ-കെ.ടി.എം.പി.7 /606/2016/23.5.16	2	

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

<u>അനുബന്ധം 1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-കെ.ടി.എം.പി7/1842/2016 **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 08.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2015-16** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,